നം:ബി4/4412/23

തിയതി: 04/04/2025

## ലേലം/ക്വട്ടേഷൻ നോട്ടീസ്

പാലക്കാട് ജില്ലാ ആശുപത്രിയിലെ ഉപയോഗശൂന്യമായ കെട്ടിടങ്ങൾ പൊളിച്ചു നീക്കുന്നതിന്(മണ്ണ്/മണൽ ഒഴികെ)(പരസ്യ ലേലത്തിലൂടെയും ക്വട്ടേഷൻ നടപടികളിലൂടെയും) അർഹതയുള്ള വ്യക്തികളിൽ നിന്നും / സ്ഥാപനങ്ങളിൽ നിന്നും മുദ്ര വെച്ച ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.

മുദ്ര വെച്ച കവറുകളിൽ "കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനുള്ള ക്വട്ടേഷൻ" എന്നു രേഖപ്പെടുത്തേണ്ടതും സൂപ്രണ്ട്, ജില്ലാ ആശുപത്രി പാലക്കാട് എന്ന വിലാസത്തിൽ നൽകേണ്ടതുമാണ്. യാതൊരു മുന്നറിയിപ്പും കൂടാതെ ക്വട്ടേഷൻ നടപടികൾ ഏതു ഘട്ടത്തിലും നിരസിക്കുവാനും/ നിർത്തിവെയ്ക്കുവാനും/റദ്ദാക്കുവാനും ഉള്ള പൂർണ്ണമായ അധികാരം സൂപ്രണ്ടിൽ നിക്ഷിപ്തമാണ്.

ക്വട്ടേഷനുകൾ 15/04/2025 തിയതി ഉച്ചയ്ക്ക് 02.00 മണി വരെ ജില്ലാ ആശുപത്രി ഓഫീസിൽ സ്വീകരിക്കുന്നതും 16/04/2025 തിയതി ഉച്ചക്ക് 2.30 മണിക്ക് ഹാജരാകുന്ന ക്വട്ടേഷണർമാരുടെ, സാന്നിദ്ധ്യത്തിൽ പരസ്യലേലം നടത്തുന്നതും ലേല നടപടികൾക്കു ശേഷം ക്വട്ടേഷനുകൾ തുറന്ന് പരിശോധിക്കുന്നതുമാണ്. നിശ്ചിത സമയ പരിധിക്കകം ക്വട്ടേഷനുകൾ സമർപ്പിച്ച വ്യക്തി/സ്ഥാപനത്തിനു മാത്രമേ പരസ്യ ലേലത്തിൽ പങ്കെടുക്കുന്നതിന് അനുവദിക്കുകയുള്ളു.

ലേലത്തിൽ പങ്കെടുക്കുന്നവർ അന്നേ ദിവസം ഉച്ചയ്ക്ക് 12 മണിക്ക് മുൻപായി നിരതദ്രവ്യമായി 8000/- രൂപ അടയ്ക്കേണ്ടതുമാണ്. ക്വട്ടേഷൻ സമർപ്പിക്കുന്നവർ ക്വട്ടേഷനോടൊപ്പം നിരതദ്രവ്യമായി 8000/- രൂപ സൂപ്രണ്ട്, ജില്ലാ ആശുപത്രി, പാലക്കാട് എന്ന പേരിൽ ഡി.ഡി ഉള്ളടക്കം ചെയ്യേണ്ടതുമാണ് ക്വട്ടേഷനോ, ലേലത്തുകയോ ഏതാണ് കൂടുതൽ ആ തുകയ്ക്ക് ലേലം/ ക്വട്ടേഷൻ താൽക്കാലികമായി ഉറപ്പിക്കുന്നതുമാണ്.

ലേലത്തിൽ പങ്കെടുക്കുന്നവർ പൊളിച്ചുമാറ്റേണ്ട കെട്ടിടങ്ങൾ നേരിൽ പരിശോധിച്ച് അതിന്റെ അവസ്ഥ കൃത്യമായി വിലയിരുത്തേണ്ടതാണ്.

ലേലം/ ക്വട്ടേഷൻ കൈക്കൊള്ളുന്നവർ മുഴുവൻ തുകയും നിയമപ്രകാരമുള്ള നികുതികളും അന്നേ ദിവസം 3 മണിക്ക് മുൻപായി ഓഫീസിൽ ഒടുക്കി രസീത് കൈപ്പറ്റേണ്ടതുമാണ്. അനുമതി ലഭിച്ച് 21 ദിവസത്തിനകം പ്രസ്തുത കെട്ടിടങ്ങൾ പൊളിച്ച് സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും കെട്ടിടാവശിഷ്ടങ്ങൾ പൂർണ്ണമായും നീക്കം ചെയ്യേണ്ടതാണ്. പ്രസ്തുത കെട്ടിടങ്ങൾ പൊളിച്ച് നീക്കം ചെയ്യുമ്പോൾ ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കോ സ്ഥാവരജംഗമ വസ്തുക്കൾക്കോ കേടുപാടുകളോ നാശനഷ്ടങ്ങളോ, കൂടാതെ രോഗികൾക്കോ പൊതുജനങ്ങൾക്കോ യാതൊരുവിധ ബുദ്ധിമുട്ടും ഉണ്ടാകാതെ കൈകാര്യം ചെയ്യാൻ ലേലം കൊണ്ട വ്യക്തി/ സ്ഥാപനം ശ്രദ്ധിക്കേണ്ടതുമാണ്.

ലേലത്തിൽ കൈക്കൊള്ളുന്നവർ കെട്ടിടങ്ങൾ പൊളിക്കുവാൻ വേണ്ട വൈദ്യുതി, വെള്ളം മറ്റു അനുബന്ധ ചിലവുകൾ സ്വന്തം ചിലവിൽ കണ്ടെത്തേണ്ടതാണ്.

കൂടുതൽ വിവരങ്ങൾ ഓഫീസിൽ നിന്നും പ്രവൃത്തി സമയങ്ങളിൽ അറിയാവുന്നതാണ്. ചെയ്യേണ്ടതായ പ്രവൃത്തി നേരിൽ കണ്ട് ബോദ്ധ്യപ്പെടാവുന്നതുമാണ്.

ക്വട്ടേഷൻസമർപ്പിക്കുന്ന വ്യക്തി / സ്ഥാപനതിന് GST രജിസ്ട്രേഷൻ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. GST Registration Certificate ന്റെ പകർപ്പ് കൂടി ക്വട്ടേഷനൊടൊപ്പം സമർപ്പിക്കേണ്ടതാണ്.

ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തി/ സ്ഥാപനം നേരിട്ട് തന്നെ ലേലത്തിൽ പങ്കെടുക്കേണ്ടതാണ്. ലേലം കൈകൊള്ളുമ്പോൾ നിയമാനുസൃതമായ Security Deposit അടക്കുവാൻ ബാധ്യസ്ഥരാണ്. പൊളിക്കേണ്ട കെട്ടിടങ്ങളുടെ ലിസ്റ്റ് താഴെ ചേർക്കുന്നു.

1. Female Pay ward
2. Psychiatry & Chemotherapy Ward

സൂപ്രണ്ട്

**Deputy Director of Health Services & Superintendent.**
**District Hospital, Palakkad**

DISTRICT HOSPITAL, PALAKKAD-678 001 Dept.of Health GOVT. OF KERALA

നോട്ടീസ് ബോർഡ്

പകർപ്പ്:
1. ബഹു. ജില്ലാ കളക്ടർ, പാലക്കാട്.
2. ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം), പാലക്കാട്.
3. പ്രസിഡൻറ്, ജില്ലാ പഞ്ചായത്ത്, പാലക്കാട്.
4. ജില്ലാ ഇൻഫർമേഷൻ ഓഫീസ്, പാലക്കാട്.